# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1288 07.06.2018 - ൽ മറുപടിക്ക്**

## <u>ചുള്ളിമട പാലം നിർമ്മാണം</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.ഡി. പ്രസേനൻ :** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | ആലത്തൂർ നിയോജക മണ്ഡലത്തിൽ 2016 - 17 വർഷത്തെ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തിയായ ചുള്ളിമട പാലം നിർമ്മാണത്തിന്റെ നിലവിലുള്ള അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ ; | (എ) | കിഫ്ബി 2016 - 17 - ൽ ഉൾപ്പെട്ട ആലത്തൂർ മണ്ഡലത്തിലെ ചുള്ളിമട പാലത്തിന്റെ 10.03 കോടിയുടെ ഡി. പി. ആർ കിഫ്ബിയിൽ സമർപ്പിക്കുകയും ആയതിന് നമ്പർ. PWD001-36-PA-01 dated 26.05.2018 എന്ന ഉത്തരവ് മുഖേന 9.78 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ ? | (ബി) | പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് സ്ഥലത്തെ സ്വകാര്യ വ്യക്തികളിൽ നിന്നും സൗജന്യമായി സ്ഥലം വിട്ടു കിട്ടേണ്ടതുണ്ട്. 16.04.2018 - ൽ ആലത്തൂർ പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസിൽ വച്ച് ബഹു. ആലത്തൂർ എം. എൽ. എ ശ്രീ. കെ. ഡി. പ്രസേനൻ അവർകളുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രസ്തുത സ്ഥലം സൗജന്യമായി വിട്ടുകിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് |

ആലത്തൂർ - എരിമയൂർ ഗ്രാമ പഞ്ചായത്ത് അധികൃതർ അറിയിച്ചിരിക്കുന്നു. ആയതിന്റെ നടപടികൾ പുരോഗമിച്ചു വരുന്നു. പദ്ധതിക്കാവശ്യമായ സ്ഥലം ലഭ്യമായാലുടൻ സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയും.

S. Bindu

**സെക്ഷൻ ഓഫീസർ**